മുളന്തുരുത്തി പോലീസ് സ്റ്റേഷനതിർത്തിയിൽ നടന്ന കൊലപാതകങ്ങൾ

2 [5] ശ്രീ. ടി. എം. ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി പോലീസ് സ്റ്റേഷനതിർത്തിയിൽ 1977 മാർച്ച് മുതൽ 1977 ഡിസമ്പർ 31 വരെ എത്ര കൊലപാതകങ്ങൾ നടന്നു;

(ബി) ഏതെല്ലാം;

(സി) വെളിയനാട് ഗവൺമെന്റ് യു.പി.എസിന്റെ കക്കൂസ് ടാങ്കിൽ കണ്ട മൃതദേഹം ആരുടേതാണെന്നു തിരിച്ചറിഞ്ഞോ;

(ഡി) ഈ കേസിന്റെ അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ?

ഉത്തരം

(എ) മൂന്ന്.

(ബി) 1. ക്രൈം നമ്പർ 49/77.
2. ക്രൈം നമ്പർ 120/77.
3. ക്രൈം നമ്പർ 152/77.

(സി) ഇല്ല.

(ഡി) നടക്കുന്നുണ്ട്.

പോലീസ് വെടിവെയ്പിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

3 [6] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്ത് എത്ര പോലീസ് വെടിവെയ്പുകൾ നടന്നിട്ടുണ്ട്;

(ബി) വെടിവെയ്പിൽ എത്ര പേർ മരണമടഞ്ഞു;

(സി) വെടിവെയ്പുണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) വെടിവെയ്പിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആർക്കെല്ലാം? എന്തു തുക വീതം നൽകി?

ഉത്തരം

(എ) ഒരു പ്രാവശ്യം.

(ബി, സി) ഒരാൾ മരണമടഞ്ഞു. 8-3-1979-ൽ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ ആക്രമിക്കാൻ ഒരുമ്പെട്ട അക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ വെടിവെയ്ക്കേണ്ടിവന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മരണമടഞ്ഞയാളുടെ അവകാശിക്ക് 5,000 രൂപ കൊടുക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിലാളി സമരം

4 [7] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി സമരങ്ങളെ പരാജയപ്പെടുത്താൻ പോലീസിനെ ഉടമകളുടെ താൽപര്യാനുസരണം ഉപയോഗിക്കാൻ ഗവൺമെൻറ് അനുവദിക്കുന്നതായുള്ള പരാതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ തൊടുപുഴ തെക്കുംഭാഗത്ത് ഒരു തോട്ടം ഉടമയ്ക്കെതിരായി ആ തോട്ടത്തിലെ തൊഴിലാളികൾ സമരം ചെയ്തപ്പോൾ സമരം ചെയ്ത തൊഴിലാളികളെ പോലീസ് അന്യായമായി അറസ്റ്റ് ചെയ്യുകയും കള്ളക്കേസുകൾ എടുക്കുകയും ചെയ്തതിനുപരിയായി പണിമുടക്കിയ തൊഴിലാളികൾക്ക് പകരം ഗവൺമെൻറ് പോലീസിനെക്കൊണ്ട് കരിങ്കാലിപ്പണി ചെയ്യിച്ചതായുള്ള യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻെറ പ്രസ്താവന ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ ഗവൺമെൻറ് എന്തു അന്വേഷണങ്ങൾ നടത്തിയെന്നും, ഈ പ്രവൃത്തിക്ക് കൂട്ടുനിന്നവരും നിർദ്ദേശങ്ങൾ നൽകിയവരുമായ എത്തെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

കോൺഫിഡൻഷ്യൽ റിപ്പോർട്ട്

5 [8] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എത്തെല്ലാം വകുപ്പുകളിലാണ് ഇന്നും നിലനിൽക്കുന്നത്;

(സി) അശാസ്ത്രീയമായ ഈ സമ്പ്രദായം മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിൻെറ എല്ലാ വകുപ്പുകളിലും അതു നിലനിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly